(ബി) അപേക്ഷകളിൽ എത്ര ശതമാനം തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞു ; വിശദമാക്കാമോ ;

(സി) പരിപാടിയുടെ സംഘാടനത്തിന് ഓരോ ജില്ലയിലും എത്ര തുക ചെലവാക്കി ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ വർഷം നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഇതുവരെ 3,58,677 പരാതികൾ ലഭിച്ചു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) പാലക്കാട് ജില്ലയിൽ ജനസമ്പർക്ക പരിപാടി നടന്നിട്ടില്ല. ഓരോ ജില്ലയിലും തീർപ്പ് കൽപ്പിച്ച അപേക്ഷ സംബന്ധിച്ച കണക്ക് (ശതമാനത്തിൽ ലഭ്യമായവ) അനുബന്ധമായി ചേർക്കുന്നു*.

(സി) ക്രോഡീകരിച്ചുവരുന്നു.

ഭരണ മികവിന് അംഗീകാരം

31 (31) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ അന്തർദേശീയതലങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത അംഗീകാരം ഏതെല്ലാം മേഖലകളിലാണ് ലഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം മേഖലകളാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാന ഭരണത്തിന്റെ മികവിന് യു.എൻ.ഡി.പി.-യുടെ പ്രശംസ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പ് രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടു കയുമുണ്ടായി.

(സി&ഡി) സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻ വർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരുംവർഷങ്ങളിലും നേടിയെടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നടന്നുവരുന്നത്. വിഷൻ 2030, എമർജിംഗ് കേരള, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഈ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക് ആക്കുന്നതിനും നടപടി നടന്നു വരുന്നു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി

32(32) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) 2015 മേയ് 21-ന് നടന്ന കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര പരാതികൾ തീർപ്പാക്കി എന്ന് വ്യക്തമാക്കാമോ ;

(സി) പരിപാടി നടത്തിപ്പിന് എത്ര ലക്ഷം രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര ലക്ഷം രൂപയാണ് ധനസഹായം നൽകിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആകെ 20,057 അപേക്ഷകൾ ലഭിച്ചു.